**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പിഒ, തിരുവനന്തപുരം പിൻ– 695035

ഫോൺ: 0471 2302490 ഫാക്സ്: 0471 2303025 / 2303080

ഇമെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ്: www.dhs.kerala.gov.in

---

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ് – ഡോ നന്ദിനിക്കുട്ടി പി എസ്, അസിസ്റ്റന്റ് സർജൻ - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. നം എ3/101/2023/ഹെൽത്ത് തീയതി 26.09.2025

2. എ6/10082/2016/ജിമെആ തൃശ്ശൂർ തീയതി. 15.10.2016, 19.04.2017

3.. കാരണം കാണിക്കൽ നോട്ടീസ് നം ഇഎ4- 80121/2016/ആവഡ തീയതി 22.11.2016

4 . GE 06/C/N841/1048044/222159/1282 തീയതി 11.03.2025

5. ഡോ നന്ദിനിക്കുട്ടി സമർപ്പിച്ച അപേക്ഷ തീയതി 25.01.2017.

6. ഇഎ4- 84464/16/ആവഡ തീയതി 16.06.2017

7 . ഡോ നന്ദിനിക്കുട്ടി പി എസ് സമർപ്പിച്ച അപേക്ഷ തീയതി 02.08.2018

8. ഇഎ4- 84464/16/ആവഡ തീയതി 08.03.2019

9. ഇഎ4- 105869/2018/ആവഡ തീയതി 27.11.2021

10. ഡോ നന്ദിനിക്കുട്ടി സമർപ്പിച്ച അപേക്ഷ തീയതി 14.07.2022

**ഉത്തരവ് നം. DHS/23179/2023-EA4 തീയതി. 07-10-2025**

ഡോ നന്ദിനിക്കുട്ടി പി എസ് (Dr Nandhinikutty P S, PEN 751502), 28.05.2015 ന് ആരോഗ്യ വകുപ്പിൽ സേവനത്തിൽ പ്രവേശിച്ച വ്യക്തിയാണ്. തൃശ്ശൂർ തളിക്കുളം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ സേവനത്തിലിരിക്കവെ 09.07.2016 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം (2) പ്രകാരം തൃശ്ശൂർ ജില്ലാ മെഡിക്കൽ

ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് (work and conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം (3) പ്രകാരം നോട്ടീസ് നൽകുകയും ചെയ്തിരുന്നു

2 . ഡോ നന്ദിനിക്കുട്ടി പി എസ് തിരികെ സേവനത്തിൽ പ്രവേശിപ്പിക്കുന്നതിനായി പരാമർശം (5) പ്രകാരം അപേക്ഷ സമർപ്പിച്ചു. തിരികെ സർവ്വീസിൽ പ്രവേശിക്കുവാൻ താത്പര്യപ്പെടുന്നുവെങ്കിൽ ഭാവിയിൽ അനധികൃതാവധിയിൽ പ്രവേശിക്കുകയില്ലെന്നും, അച്ചടക്ക നടപടികൾക്കു വിധേയമായി സർവ്വീസിൽ തിരികെ പ്രവേശിച്ചു കൊള്ളാമെന്നും രേഖപ്പെടുത്തി ജില്ലാ മെഡിക്കൽ ഓഫീസറുടെ മേലൊപ്പ് സഹിതം ബോണ്ട് സമർപ്പിക്കുന്നതിന് പരാമർശം (6) പ്രകാരം ടിയാൾക്ക് അറിയിപ്പ് നൽകിയിരുന്നു. പരാമർശം (7) പ്രകാരം ടിയാൾ സമർപ്പിച്ച അപേക്ഷയിൽ ജില്ലാ മെഡിക്കൽ ഓഫീസർ മേലൊപ്പ് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ 7 ദിവസത്തിനകം നിശ്ചിത മാതൃകയിൽ ബോണ്ട് സമർപ്പിക്കുന്നതിന് പരാമർശം (8) പ്രകാരം വീണ്ടും ടിയാൾക്ക് അറിയിപ്പ് നൽകിയിരുന്നെങ്കിലും യഥാസമയം ബോണ്ട് സമർപ്പിച്ചിരുന്നില്ല.

3. അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടു നിൽക്കുന്നവരും നിശ്ചിത സമയപരിധിയ്ക്കുള്ളിൽ തിരികെ ജോലിയിൽ പ്രവേശിക്കുവാൻ അപേക്ഷ സമർപ്പിക്കുകയും എന്നാൽ ബോണ്ട് സമർപ്പിക്കാത്തവരുമായ ജീവനക്കാരെ സേവനത്തിൽ നിന്നും പിരിച്ചു വിടാനുള്ള ശിപാർശ സഹിതം പരാമർശം (9) പ്രകാരം സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ടി പട്ടികയിൽ ഡോ നന്ദിനിക്കുട്ടി പി എസ് നെയും ഉൾപ്പെടുത്തിയിരുന്നു. അനുവദിക്കപ്പെട്ട സമയ പരിധിയ്ക്കുശേഷം പരാമർശം (10) പ്രകാരം ടിയാൾ സമർപ്പിച്ച ബോണ്ട് സർക്കാരിലേയ്ക്കു ലഭ്യമാക്കി. സർക്കാർ അത് അംഗീകരിച്ചിട്ടില്ല.

4 . ഡോ നന്ദിനിക്കുട്ടി പി എസ്, അസിസ്റ്റന്റ് സർജൻ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്ന ശേഷം അച്ചടക്ക നടപടിയുടെ തീർപ്പിന് വിധേയമായി തിരികെ സേവനത്തിൽ പ്രവേശിക്കുന്നതിന് സമർപ്പിച്ച അപേക്ഷകളിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതിന് സമയ ബന്ധിതമായി ബോണ്ട് സമർപ്പിക്കുന്നതിന് നൽകിയ നിർദ്ദേശം പാലിച്ചിട്ടില്ല. ടിയാൾക്ക് അനുവദിച്ച സമയ പരിധിയ്ക്കുശേഷമാണ് ബോണ്ട് സമർപ്പിച്ചത്. ആരോഗ്യ വകുപ്പ് ഒരു അവശ്യസേവന വകുപ്പ് ആണ്. ഡോക്ടർമാർ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങളെയും സർക്കാർ ആശുപത്രികളെ അശ്രയിക്കുന്ന പൊതു ജനങ്ങളെയും സാരമായി ബാധിക്കുന്നതാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടുനിൽക്കുന്നത്

അംഗീകരിക്കുവാൻ കഴിയുന്നതല്ല. ടി സാഹചര്യത്തിൽ **09.07.2016** തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ നന്ദിനിക്കുട്ടി പി എസ് അസിസ്റ്റന്റ് സർജന്റെ വർക്ക് ആന്റ് കോണ്ടക്റ്റ് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

**5.** ആയതിനാൽ **1958** ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് **II** ചട്ടം **19 (a) (ii)** പ്രകാരം ഡോ നന്ദിനിക്കുട്ടി പി എസ് അസിസ്റ്റന്റ് സർജന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signed by
Reena K J
Date: 07-10-2025 11:19:58

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Nandhinikutty P S,**

**Poliyadath House, Kanattukara,**

**West fort, Thrissur**

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,
തിരുവനന്തപുരം.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
തൃശ്ശൂർ .
3. മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ്,
പ്രാഥമികാരോഗ്യ കേന്ദ്രം തളിക്കുളം, തൃശ്ശൂർ.
(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)
4. ഫയൽ